## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2707 | 02.04.2013 - ൽ മറുപടിക്ക്

### ബധിര വിദ്യാലയങ്ങളിലെ അസിസ്റ്റന്റ് ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സർക്കാർ ബധിര വിദ്യാലയങ്ങളിലെ അസിസ്റ്റന്റ് ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കേണ്ടി വന്ന സാഹചര്യം എന്തായിരുന്നു; പുതുക്കിയ ലിസ്റ്റ് ഏതു മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണ്; | (എ) | സർക്കാർ ബധിര വിദ്യാലയങ്ങളിലെ അസിസ്റ്റന്റ് ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ എല്ലാ അദ്ധ്യാപകരുടേയും പി.എസ്.സി. അഡ്വൈസ് സീരിയൽ നമ്പർ ലഭ്യമായിരുന്നില്ല. സർവ്വീസിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ്, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന അദ്ധ്യാപകരുടെ നിവേദനം പരിശോധിച്ചും പി.എസ്.സി.യിൽ നിന്നും അഡ്വൈസ് സീരിയൽ നമ്പർ ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ പുതുക്കുകയാണുണ്ടായത്. |
| (ബി) | സ്റ്റാഫ് ഫിക്സേഷനിൽ അധികമെന്നു കണ്ടെത്തിയ എത്ര പേരെ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ മാറ്റി നിയമിച്ചിട്ടുണ്ട്; അവർ ആരെല്ലാമാണെന്നു വെളിപ്പെടുത്തുമോ; | (ബി) | സ്റ്റാഫ് ഫിക്സേഷനിൽ തസ്തിക നഷ്ടപ്പെട്ട 8 അസിസ്റ്റന്റ് ടീച്ചർമാരെ 2009-ൽ മാറ്റി നിയമിച്ചിരുന്നു. അവർ ശ്രീമതി.ലിജിമേരി.എം., ശ്രീ.റജി ചെറിയാൻ മാത്യു, ശ്രീമതി.ലതി വിൻസല. സി.ബി, ശ്രീ.സതീഷ് കുമാർ.സി.റ്റി., ശ്രീമതി.ഷീലാകുമാരി, ശ്രീ.ഗണേഷ് കുമാർ.എം., ശ്രീ.ജോബ്ബൺ എബ്രാഹാം എന്നിവരായിരുന്നു. ഒറ്റപ്പാലം സർക്കാർ ബധിര വിദ്യാലയത്തിൽ തുടർന്നിരുന്ന പി.ഡി.ടീച്ചർ ശ്രീമതി.കെ.വി.ഭുവനേശ്വരിയേയും 2009-ൽ മാറ്റി നിയമിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | മാറ്റി നിയമിക്കപ്പെട്ടവർ ഏറ്റവും ജൂനിയർ ആയിരുന്നോ; അല്ലെങ്കിൽ ഏതു മാനദണ്ഡ പ്രകാരമാണ് മാറ്റി നിയമനം നടത്തിയത്; | (സി) | 2009-ൽ നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഓരോ സ്കൂളിന്റെയും ജൂനിയറായ അദ്ധ്യാപകരെയാണ് മാറ്റി നിയമിച്ചത്. |
| (ഡി) | ഈ വിദ്യാലയങ്ങളിൽ കുറഞ്ഞത് ഒരു വിദ്യാർത്ഥിയെങ്കിലും ഉണ്ടെങ്കിൽ ഡിവിഷൻ നിലനിർത്തി ആ കുട്ടിയുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അന്ധ ബധിര വിദ്യാലയങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിലവിൽ 1:5 ആണ്. എന്നാൽ ഒരു സ്റ്റാൻഡേർഡിൽ 5-ൽ കുറവ് കുട്ടികളാണ് ഉള്ളതെങ്കിലും കുട്ടികൾക്ക് പഠന സൗകര്യം നിഷേധിക്കപ്പെടുന്നില്ല. ഒരു കുട്ടിക്കായി ഡിവിഷനും തസ്തികയും അനുവദിക്കുന്നത് സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കും. |

സെക്ഷൻ ഓഫീസർ.